പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3326 — 19.06.2018-ലെ മറുപടിക്ക്

# ശുഭയാത്ര പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. പി.അയിഷാ പോറ്റി<br>ശ്രീ. ജെയിംസ് മാത്യു<br>" പി.വി. അൻവർ<br>" സി.കെ. ഹരീന്ദ്രൻ | ശ്രീ. എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | അമിത വേഗതയിലും അശ്രദ്ധമായും ട്രാഫിക് നിയമങ്ങൾ ലംഘിച്ചും വാഹനങ്ങൾ ഓടിക്കുന്ന പ്രവണത വർദ്ധിച്ച് വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ ഇപ്രകാരം മോട്ടോർ വാഹന നിയമങ്ങൾ ലംഘിച്ച് വാഹനമോടിക്കുന്നവർക്കെതിരെയുള്ള ശിക്ഷാ നടപടികൾ കൂടുതൽ കർശനമാക്കാൻ നിർദ്ദേശം നൽകുമോ; | (ബി) | ബഹു: സുപ്രീം കോടതി നിയോഗിച്ച റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട കമ്മിറ്റിയുടെ നിർദ്ദേശാനുസരണം നിലവിൽ അമിത വേഗം, അമിത ഭാരം കയറ്റി വാഹനമോടിക്കൽ, സിഗ്നൽ ലംഘനം, ഡ്രൈവിങ്ങിനിടയിലുള്ള മൊബൈൽ ഫോൺ ഉപയോഗം, മദ്യപിച്ച വാഹനമോടിക്കൽ എന്നീ ട്രാഫിക് നിയമലംഘനങ്ങൾക്ക് ലൈസൻസ് റദ്ദാക്കുന്നതിനുള്ള നടപടികൾ കൂടുതൽ കർശനമാക്കിയിട്ടുണ്ട്. |
| (സി) | ട്രാഫിക് നിയമ ബോധവത്കരണം ലക്ഷ്യമാക്കി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാ | (സി) | റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട് മോട്ടോർ വാഹന വകുപ്പ് നിരവധി പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നുണ്ട്. റോഡ് സുരക്ഷയ്ക്കായി ഒരു ദശകം എന്ന ലോകാരോഗ്യ |

| | | | |
|---|---|---|---|
| | മോ ; | | സംഘടന തുടക്കമിട്ട പരിപാടിയെ അടിസ്ഥാനമാക്കി റോഡ് സുരക്ഷ റാലികൾ, വാഹന പരിശോധനകൾ, റോഡ് സുരക്ഷ സംബന്ധിച്ച പ്രദർശനങ്ങൾ, ഓട്ടൻ തുള്ളൽ, മാജിക് ഷോ തുടങ്ങിയ കലാരൂപങ്ങളുടെ അവതരണം, എഫ്.എം റേഡിയോ വഴിയുള്ള പരസ്യങ്ങൾ എന്നീ ബോധവൽക്കരണ പരിപാടികൾ നടത്താറുണ്ട്. |
| (ഡി) | ഇതിനായി ആവിഷ്കരിച്ചിട്ടുള്ള ശുഭയാത്രാ പദ്ധതി ഏതെല്ലാം വകുപ്പുകൾ ചേർന്നാണ് നടപ്പാക്കി വരുന്നതെന്ന് വ്യക്തമാക്കാമോ? | (ഡി) | പോലീസ് വകുപ്പാണ് ശുഭയാത്രാ പദ്ധതി നടപ്പാക്കുന്നത്. |

**സെക്ഷൻ ഓഫീസർ**